# NEWS PAPER CUTTINGS ON 17.11.2023 IN KOZHIKODE RURAL

## MATHRUBHUMI DAILY

Pocso case registered against one teacher who misbehave in KSRTC Bus. **Thamarasseri PS**
**Cr No 868/2023 U/s 354(A)(1), 509 IPC, 11(1) r/w 12 of POCSO Act**



### ബസിൽ നഗ്നതാപ്രദർശനം; അധ്യാപകൻ അറസ്റ്റിൽ

താമരശ്ശേരി ► കെ.എസ്.ആർ.ടി.സി. ബസിൽ പ്രായപൂർത്തിയാവാത്ത വിദ്യാർഥിനിക്കുനേരെ നഗ്നതാപ്രദർശനം നടത്തിയെന്ന പരാതിയിൽ അധ്യാപകൻ അറസ്റ്റിൽ. കിനാലൂർ തൈപ്പറമ്പിൽ കണ്ണാടിപ്പൊയിൽ കോട്ടക്കണ്ടത്തിൽ ഷാനവാസ് കുറുമ്പൊയിൽ (44) ആണ് അറസ്റ്റിലായത്.

ഷാനവാസ്

എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിലെ അറബിക് അധ്യാപകനാണ് ഷാനവാസ്. വിദ്യാർഥിനിയുടെ പരാതിയിൽ പോക്സോ ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയാണ് താമരശ്ശേരി പോലീസ് കേസെടുത്തത്.

വയനാട്ടിൽനിന്ന് കോഴിക്കോട്ടേക്കു വരുകയായിരുന്ന കെ.എസ്.ആർ.ടി.സി. ബസിൽ ബുധനാഴ്ച വൈകീട്ടായിരുന്നു കേസിനാസ്പദമായ സംഭവം. ബത്തേരിയിൽനിന്ന് ബസിൽ കയറി മറ്റൊരു പെൺകുട്ടിക്കൊപ്പം സീറ്റിൽ ഇരിക്കുകയായിരുന്ന പ്രായപൂർത്തിയാവാത്ത വിദ്യാർഥിനിക്കാണ് ദുരനുഭവമുണ്ടായത്.

ഈങ്ങാപ്പുഴയിൽനിന്ന് കയറിയശേഷം ബസിൽ നിന്ന ഷാനവാസ് പെൺകുട്ടിക്കുനേരെ നഗ്നതാപ്രദർശനം നടത്തിയെന്നാണ് പരാതി. പെൺകുട്ടി ബസിനകത്ത് ബഹളംവെച്ചതോടെ മറ്റു യാത്രക്കാർ ഇടപെട്ട് ബസ് താമരശ്ശേരി പോലീസ് സ്റ്റേഷനിലെത്തിച്ചു. തുടർന്ന് പോലീസ് പരാതിക്കാരി ഉൾപ്പെടെയുള്ള യാത്രക്കാരുടെ മൊഴിയെടുത്തു. ഇൻസ്പെക്ടർ എ. സായൂജ് കുമാറിന്റെ നേതൃത്വത്തിലുള്ള അന്വേഷണത്തിനൊടുവിൽ ഷാനവാസിന്റെ അറസ്റ്റ് രേഖപ്പെടുത്തുകയും വ്യാഴാഴ്ച കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയുമായിരുന്നു.

Navakerala Sadhassu programme will held from Nov 24 onwards



### നവകേരളസദസ്സ് 24 മുതൽ

കോഴിക്കോട് ► മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന നവകേരളസദസ്സുകൾക്കുള്ള ഒരുക്കം ജില്ലയിൽ പുരോഗമിക്കുന്നു. 24, 25, 26 തീയതികളിലാണ് ജില്ലയിലെ 13 നിയമസഭാമണ്ഡലങ്ങളിലായി നവകേരളസദസ്സുകൾ നടക്കുക. വിവിധമേഖലകളിലെ പ്രമുഖർ പങ്കെടുക്കുന്ന മൂന്നു പ്രഭാതസംഗമങ്ങൾ മൂന്നുദിവസങ്ങളിലായി നടക്കും. 13 വേദികളിലായാണ് നവകേരളസദസ്സുകൾ.

24-ന് ഒമ്പതുമണിക്ക് വടകരയിൽ ചേരുന്ന പ്രഭാതയോഗത്തോടെയാണ് ജില്ലയിലെ പരിപാടികൾ തുടങ്ങുക. വടകര, നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര മണ്ഡലങ്ങളിലെ പ്രമുഖരാണ് പ്രഭാതയോഗത്തിൽ പങ്കെടുക്കുക.

11 മണിക്ക് കല്ലാച്ചിയിൽ നാദാപുരം മണ്ഡലം നവകേരളസദസ്സ് നടക്കും. മൂന്നിന് പേരാമ്പ്ര ഹയർസെക്കൻഡറി സ്കൂളിൽ പേരാമ്പ്ര മണ്ഡലത്തിലെയും 4.30-ന് മേമുണ്ടയിൽ കുറ്റ്യാടി മണ്ഡലത്തിലെയും ആറിന് കോട്ടപ്പറമ്പിൽ വടകരയിലെയും നവകേരളസദസ്സുകൾ നടക്കും.

25-ന് കോഴിക്കോട്ട് ചേരുന്ന പ്രഭാതയോഗത്തിൽ കോഴിക്കോട് നോർത്ത്, സൗത്ത്, കൊയിലാണ്ടി, ബാലുശ്ശേരി, എലത്തൂർ എന്നിവിടങ്ങളിലുള്ളവർ

11 മണിക്ക് കൊയിലാണ്ടി സ്റ്റേഡിയത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെയും മൂന്നിന് ബാലുശ്ശേരി ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ബാലുശ്ശേരി മണ്ഡലത്തിലെയും സദസ്സ് നടക്കും. 4.30- ന് നന്മണ്ട ഹൈസ്കൂൾ മൈതാനിയിലാണ് എലത്തൂർ മണ്ഡലത്തിലെ സദസ്സ്. ആറിന് കോഴിക്കോട് ബീച്ചിലാണ് പരിപാടി. കോഴിക്കോട് നോർത്ത്, സൗത്ത് മണ്ഡലങ്ങൾ ബീച്ചിലെ നവകേരളസദസ്സിൽ പങ്കെടുക്കും.

മൂന്ന് ദിവസം, 13 വേദികൾ

26-ന് താമരശ്ശേരിയിലാണ് പ്രഭാതയോഗം. തിരുവമ്പാടി, കൊടുവള്ളി, കുന്ദമംഗലം, ബേപ്പൂർ മണ്ഡലങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും. 11 മണിക്ക് മുക്കം ഓർഫനേജ് ഐ.എസ്.എ. ഓഡിറ്റോറിയത്തിൽ തിരുവമ്പാടിയിലെയും മൂന്നിന് കൊടുവള്ളി കെ.എം.ഒ. സ്കൂൾമൈതാനത്ത് കൊടുവള്ളിയിലെയും സദസ്സുകൾ. 4.30-ന് കുന്ദമംഗലം ഹയർസെക്കൻഡറി സ്കൂളിൽ കുന്ദമംഗലം മണ്ഡലത്തിന്റെ പരിപാടി. ആറിന് നല്ലൂർ ഇ.കെ. നായനാർ സ്റ്റേഡിയത്തിന്റെ നവകേരളസദസ്സ് നടക്കും.

#### പരാതികൾ സ്വീകരിക്കും

നവകേരളസദസ്സ് നടക്കുന്ന സ്ഥലങ്ങളിൽ ജനങ്ങൾക്ക് പരാതി നൽകാൻ സംവിധാനമുണ്ടാവും. പ്രധാന പന്തലിൽനിന്ന് മാറിയായിരിക്കുമിത്. പരാതി സ്വീകരിച്ച് രസീത് നൽകും.

പൊതുകൗണ്ടറുകൾക്കൊപ്പം സ്ത്രീകൾക്കും ഭിന്നശേഷിയുള്ളവർക്കും മുതിർന്നപൗരൻമാർക്കും പ്രത്യേകം കൗണ്ടറുകൾ സജ്ജമാക്കാനാണ് സർക്കാർ നിർദേശം.

പേരും വിലാസവും മൊബൈൽനമ്പറും ഇ-മെയിൽ വിലാസവും ഉൾപ്പെടെയുള്ള വിവരങ്ങൾ സഹിതമാണ് പരാതി നൽകേണ്ടത്.

ജില്ലാതലങ്ങളിൽ പരിശോധിക്കേണ്ട പരാതികൾ കളക്ടർക്കും സംസ്ഥാനതലത്തിൽ പരിശോധിക്കേണ്ടവ അതത് വകുപ്പുസെക്രട്ടറിമാർക്കും ഒരാഴ്ചയ്ക്കകം കൈമാറാനാണ് നിർദേശം.

കളക്ടറേറ്റിൽ ഇതിനായി പ്രത്യേകം സെൽ പ്രവർത്തിക്കും. പരമാവധി 45 ദിവസങ്ങൾക്കുള്ളിൽ പരാതികളിൽ തീർപ്പുകൽപ്പിക്കാനാണ് നി

## Dr.Aravindh Sukumar, IPS took charge in Kozhikode Rural Police district.

# റൂറൽ എസ്.പി. ചുമതലയേറ്റു

വടകര ► കോഴിക്കോട് റൂറൽ എസ്.പി.യായി ഡോ. അരവിന്ദ് സുകുമാർ ചുമതലയേറ്റു. 2016 ബാച്ച് ഐ.പി.എ.എസ്. ഉദ്യോഗസ്ഥനായ ഇദ്ദേഹം തിരുവനന്തപുരം ടെലികമ്യൂണിക്കേഷൻ എസ്.പി.യായിരുന്നു. നേരത്തേ വയനാട് എസ്.പി.യായിട്ടുണ്ട്. മലയാളിയാണെങ്കിലും ജനിച്ചതും വളർന്നതും ഡൽഹിയിലാണ്.



ഡോ. അരവിന്ദ് സുകുമാർ

## MANORAMA DAILY

KAAPA Order issued against one Fasil at Kuttiadi PS limit.

# കാപ്പ ചുമത്തി ജയിലിൽ അടച്ചു

കുറ്റ്യാടി ● പൊലീസ് സ്റ്റേഷൻ പരിധിയിലെ താമസക്കാരനായ വടയം ഇടത്തിപ്പൊയിൽ ഫാസിലിനെ (31) കാപ്പ ചുമത്തി കണ്ണൂർ ജയിലിൽ അടച്ചു. കോഴിക്കോട് ജില്ലയിലും വയനാട്ടിലും കവർച്ച, ലഹരി മരുന്നു കച്ചവടം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ പ്രതിയാണെന്നു പൊലീസ് പറഞ്ഞു.



ഫാസിൽ.

യുദ്ധത്തിനെതിരെ